മി. സ്പീക്കർ: ഒരു വെന്റിലേറ്റർ, ഒരു വെന്റിലേറ്റർ.....

ശ്രീ. പി. ശങ്കരൻ: അതിന് ആവശ്യമായ നടപടി സ്വീകരിക്കാം. കെട്ടിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം. പുതിയ തസ്തികകൾ ലഭിക്കുന്ന മുറയ്ക്ക് വയനാട് ജില്ലയ്ക്ക് പ്രത്യേകമായ പരിഗണന നൽകുന്നതാണ്. ഇതുസംബന്ധമായ പരാതികൾ അനുകൂലമായ തീരുമാനം എടുക്കാമെന്ന് മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ മുഖ്യമന്ത്രിയും ഞാനും കഴിഞ്ഞ പ്രാവശ്യം അദ്ദേഹത്തിനു കൊടുത്ത വാക്ക് പാലിക്കാൻ സാധിക്കുമെന്നുള്ള വിശ്വാസവും എനിക്കുണ്ട്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: ഇപ്പോൾ പലയിടത്തും പി.എച്ച്.സി.കൾ പൂട്ടിക്കിടക്കുകയാണ്. ഒരു ഡോക്ടറും, ഒരു സ്റ്റാഫ് നഴ്സും ഉണ്ടെങ്കിൽ പി.എച്ച്.സി.കൾ തുറന്നു പ്രവർത്തിപ്പിക്കാം. അതിനുവേണ്ടി ഒരു പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

മി. സ്പീക്കർ: ക്രിയേറ്റ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് അദ്ദേഹം പറഞ്ഞില്ലേ?

ശ്രീ. എൻ. ഡി. അപ്പച്ചൻ: പിന്നോക്ക ജില്ല എന്നുള്ള നിലയിൽ ഒരു പരിഗണന, സഹായം നൽകണം എന്നേ പറയാനുള്ളൂ.

III. സബ്മിഷൻ

(1) പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിലുള്ള കൊക്കകോള ഫാക്ടറി നടത്തിപ്പുമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ

ഡോ. എ. നീലലോഹിതദാസൻ നാടാർ: പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിൽ കൊക്കകോള ഫാക്ടറി പ്രവർത്തിച്ചുവരികയാണ്. കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാൻ പുതിയ വ്യവസായങ്ങൾ തുടങ്ങണമെന്നുള്ള ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് ലൈസൻസ് നൽകുകയുണ്ടായി. പ്രോജക്ട് റിപ്പോർട്ട് നൽകിയപ്പോൾ ഒരു ബോർവെൽ കുഴിക്കാമെന്നാണ് പറഞ്ഞിരുന്നത്. ഒരു ബോർവെല്ലിന്റെ സ്ഥാനത്ത് 6 ബോർവെല്ലുകൾ കുഴിപ്പിക്കുകയും അനിയന്ത്രിതമായ രീതിയിൽ ഭൂഗർഭ ജലം ചൂഷണം ചെയ്യുകയും ചെയ്തു. ആ പ്രദേശത്ത് മറ്റ് ബോർവെല്ലുകളൊന്നും പ്രവർത്തിക്കാതെയായി; വറ്റിവരണ്ടു. നിലവിലുള്ള ശുദ്ധജല പദ്ധതികൾ തന്നെ അവതാളത്തിലായി. അങ്ങനെ ശുദ്ധജല ക്ഷാമം കാരണവും ഈ ഫാക്ടറികളിൽനിന്ന് പുറത്തുവിടുന്ന ഖരമാലിന്യങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി മലിനീകരണം കാരണവും, സ്റ്റാറ്റ്യൂട്ടറി റൂളുകൾ ഫാക്ടറി ലംഘിച്ചതു കാരണവും കഴിഞ്ഞ ഏപ്രിൽ 7-ാം തീയതി പഞ്ചായത്ത് കമ്മിറ്റി ലൈസൻസ് റദ്ദ് ചെയ്യുകയും ലൈസൻസ് പുതുക്കി കൊടുക്കേണ്ട എന്നു തീരുമാനിക്കുകയും ചെയ്തു. ആ തീരുമാനത്തിൻമേൽ ഫാക്ടറി ഉടമകൾ ഹൈക്കോടതിയെ സമീപിച്ചു. രണ്ടു തവണയായി രണ്ടു മാസത്തേയ്ക്ക് പ്രവർത്തനാനുമതി ഹൈക്കോടതി നീട്ടിക്കൊടുത്തു. സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച് പഞ്ചായത്തെടുക്കുന്ന തീരുമാനത്തിന്മേൽ അപ്പീൽ ഉണ്ടായെങ്കിൽ അത് കൈകാര്യം ചെയ്യാൻ ട്രൈബ്യൂണൽ വേണം. അങ്ങനെ ട്രൈബ്യൂണൽ പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാത്തതുകൊണ്ട് ആ ട്രൈബ്യൂണൽ അധികാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി വിനിയോഗിക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജൂലായ് 16-നു മുമ്പ് ഇതിനെ സംബന്ധിച്ച് ട്രൈബ്യൂണൽ എന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ഒരു തീരുമാനം എടുക്കേണ്ടതായിരുന്നു. ആ തീരുമാനം തക്കസമയത്ത് എടുത്തില്ല. കേസ് ആഗസ്റ്റ് എട്ടാം തീയതിയിലേക്ക് പോസ്റ്റ് ചെയ്തിരിക്കുകയാണ്. ഇതിനിടയിൽ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തുകയുണ്ടായി. ആ പ്രസ്താവന അനുസരിച്ച് പഞ്ചായത്തിന്റെ തീരുമാനത്തിന്മേൽ കമ്പനി ഗവൺമെന്റിന് അപ്പീൽ നൽകിയിട്ടുണ്ടെന്നും, ഗവൺമെന്റ് ഇതു സംബന്ധിച്ച് തീരുമാനം എടുക്കുമെന്നും, ഗവൺമെന്റ് തീരുമാനം എടുക്കുമ്പോൾ പാലക്കാടോ ചിറ്റൂരോ ഉള്ള ജനങ്ങളുടെ അഭിപ്രായം മാത്രമല്ല കേരളത്തിലെ മൊത്തം ജനങ്ങളുടെ താൽപ്പര്യം കണക്കിലെടുക്കേണ്ടതായിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഇങ്ങനെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. ഹസ്സൻ പഞ്ചായത്ത് കൈക്കൊള്ളുന്ന തീരുമാനങ്ങളെല്ലാം അംഗീകരിക്കണമെന്നില്ലെന്നും.....

മി. സ്പീക്കർ: അതൊക്കെ പ്രസംഗിക്കുമ്പോൾ പറയാം. ഇപ്പോൾ സബ്മിഷനിൽ ഉള്ളത് പറയൂ.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഒരു ജുഡീഷറി അധികാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി കൈകാര്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം സന്ദർഭവശാൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥൻ ആയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം പ്രധാന പ്രശ്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പുറപ്പെടുവിക്കുന്ന അഭിപ്രായം നമ്മുടെ ജുഡീഷ്യൽ അധികാരത്തിൽ എക്സിക്യൂട്ടീവിന്റെ സ്വാധീനവുംവച്ച് കടന്നുകയറാനും അങ്ങനെ ഒരു ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കാനുമാണ് ഇടവരുത്തിയിട്ടുള്ളത്. അത് ഒരു കാരണവശാലും ശരിയല്ല. അത് നമ്മുടെ നിയമ വ്യവസ്ഥയെത്തന്നെ അട്ടിമറിക്കുന്നതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ പ്ലാച്ചിമട എന്ന സ്ഥലത്തെ കൊക്കകോള ഫാക്ടറിക്ക് ലൈസൻസ് നൽകിയത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ലൈസൻസ് പുതുക്കി നൽകുന്നതിനുവേണ്ടി കൊക്കകോള ഫാക്ടറി അപേക്ഷ നൽകിയപ്പോൾ പെരുമാട്ടി പഞ്ചായത്ത് നിരസിച്ചു. തുടർന്ന് ലൈസൻസ് റദ്ദാക്കുകയും ചെയ്തു. അതേ തുടർന്ന് കൊക്കകോള ഫാക്ടറി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന് അപ്പീൽ നൽകാൻ ഹൈക്കോടതി ഉത്തരവായി. ഇതനുസരിച്ച് കൊക്കകോള ഫാക്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് അപ്പീൽ സമർപ്പിക്കുകയും ഗ്രാമപഞ്ചായത്തിന്റേയും കൊക്കകോള ഫാക്ടറിയുടെയും വാദങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് കേട്ടുകൊണ്ടിരിക്കുകയുമാണ്. ജലക്ഷാമവും മാലിന്യവുമാണ് കാരണം പറയുന്നത്. ജലക്ഷാമവും മാലിന്യപ്രശ്നങ്ങളും ഉണ്ടെങ്കിൽ ബന്ധപ്പെട്ടവരിൽനിന്നും അത്തരം റിപ്പോർട്ട് കിട്ടുമ്പോൾ ആവശ്യമായ നടപടികൾ സ്വീകരിക്കും. ലൈസൻസ് കൊടുക്കുന്ന സമയത്ത് ഈ കാര്യം ആലോചിക്കേണ്ടതായിരുന്നില്ലേ? ബഹുമാനപ്പെട്ട ശ്രീ. നീലന്റെ പാർട്ടിയുടെ ജനറൽ സെക്രട്ടറി ശ്രീ. കൃഷ്ണൻകുട്ടിക്കു വേണ്ടിയാണ് ഇത് പറയുന്നത്. അത് പലരും പറഞ്ഞു. ഇന്ത്യയിൽ 9 കമ്പനികൾ ഇപ്പോൾ നിലവിലുണ്ട്. അതിലെ 4 കമ്പനികൾ വെസ്റ്റ് ബംഗാളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇത് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്. ശ്രീ. കൃഷ്ണൻകുട്ടിയാണ് വെള്ളം വിറ്റത്. ശ്രീ. കൃഷ്ണൻകുട്ടിക്ക് എന്തുപറ്റി? 500-ൽ അധികം പേർക്ക് നേരിട്ടും ആയിരക്കണക്കിന് ആളുകൾക്ക് പരോക്ഷമായും തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

വഹിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായ സ്ഥാപനം ആണ് കൊക്കകോള കമ്പനി. ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിലും അവിടെ ഹാനികരമായി ഭവിക്കുന്ന എല്ലാ പ്രശ്നങ്ങളിലും ഈ സർക്കാരിന് അതീവ ശ്രദ്ധയുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങളേക്കാൾ ഉപരി കൊക്കകോള പ്രശ്നം രാഷ്ട്രീയവൽക്കരിക്കാനാണ് നീക്കം. കൊക്കകോളയ്ക്ക് അനുമതി നൽകിയവരാണ് ഈ പ്രശ്നത്തെ പർവ്വതീകരിക്കാൻ ശ്രമിക്കുന്നത് എന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. യഥാർത്ഥ്യത്തിൽനിന്ന് ഒളിച്ചോടുന്നത് ഒരിക്കലും ഭൂഷണമല്ല. ഏതെങ്കിലും കുത്തകകളെ സഹായിക്കാൻ ഈ സർക്കാരിന് പ്രത്യേകമായ ശ്രമമൊന്നുമില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ കാര്യങ്ങളേക്കുറിച്ച് പരാമർശിച്ചിരുന്നു. കേവലം അന്ധമായ രാഷ്ട്രീയത്തിന്റെ പേരിൽ നമ്മുടെ നാട്ടിലെ വ്യവസായത്തിന് എതിരു നിൽക്കാനും ഈ സർക്കാർ ഒരുക്കമല്ല. ജനങ്ങളുടെ പരിതത്തിനനുസരിച്ച് പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ കേസ് 8-ാം തീയതിയല്ല. 6-ാം തീയതിയാണ് വച്ചിരിക്കുന്നത്. ആറാം തീയതി അതിന്റെ വാദം കേൾക്കുന്നുണ്ട്. ഇതിൽ പ്രത്യേകമായി സമ്മർദ്ദമോ സ്വാധീനമോ തിടുക്കമോ പ്രശ്നമല്ല. എല്ലാ കാര്യങ്ങളും പരിശോധിച്ചശേഷം തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കും.

മി. സ്പീക്കർ: ശ്രീ. കൃഷ്ണൻകുട്ടി വെള്ളം വിറ്റു എന്നുപറഞ്ഞത് യഥാർത്ഥമാണെങ്കിൽ നിഷേധിക്കാൻ അവസരം തരാം. പക്ഷേ യഥാർത്ഥമാണെങ്കിൽ പിന്നെ പ്രിവിലേജ് വരും.

(2) പാലത്തായ് നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടേയും മറ്റു സ്റ്റാഫിന്റെയും നിയമനം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, തിരുവിതാംകൂർ ദിവാനായിരുന്ന സർ പി. രാമറാവുവിന്റെ ബന്ധുക്കളായ ആന്ധ്രയിലെ ഒരു റാവു കുടുംബം സൗജന്യമായി നാട്ടുകാർക്ക് നിർമ്മിച്ചുനൽകിയതാണ് എന്റെ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു ആശുപത്രി. മുപ്പത് വർഷം മുമ്പ് അത് നടത്തിവന്ന എൽ.എം.എസ്. മിഷനിൽനിന്ന് സർക്കാർ ഏറ്റെടുത്തു. അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നു എന്റെ മണ്ഡലത്തിലെ എം.എൽ.എ. അത് ഏറ്റെടുത്തിട്ട് ഈ അടുത്ത കാലത്താണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയത്. വളരെയധികം വിസ്തൃതമായ ഭൂപ്രദേശമാണ്. വളരെ മനോഹരമായ കാലാവസ്ഥയുമുള്ള ഒരു ഭൂപ്രദേശത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇന്ന് സി.എച്ച്.സി. പാറ്റേൺ അനുസരിച്ച് ഡോക്ടർമാരില്ല, നഴ്സുമാരില്ല, മറ്റ് സ്റ്റാഫുകളില്ല. അതുപോലെതന്നെ ആശുപത്രിയിൽ മരുന്നില്ലാത്തതിന്റെ പേരിൽ നാട്ടുകാർ കഴിഞ്ഞ ദിവസം ആശുപത്രി ഉപരോധിക്കുകയും ജില്ലാ മെഡിക്കൽ സൂപ്രണ്ട് അവിടെ നിന്ന് അന്യായമായി വർക്കിംഗ് അറേഞ്ചുമെന്റ് അനുസരിച്ച് ജീവനക്കാരെ സ്ഥലം മാറ്റുന്നതിനെതിരായി പ്രക്ഷോഭണം നടത്തുകയുമുണ്ടായി. എത്രയും പെട്ടെന്ന് അവിടെ പാറ്റേൺ അനുസരിച്ച് ഡോക്ടർമാരെയും നഴ്സുമാരെയും സ്റ്റാഫുകളേയും നിയമിക്കുകയും മരുന്ന് വിഭ്യമാക്കുകയും വേണം. അതുപോലെ നെടുമന ടി. ബി. ഹോസ്പിറ്റൽ, കൂടംകൊണ്ട് പാറ അടിച്ചു പൊട്ടിക്കുന്ന പാറത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, എല്ലാം തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത്, ഇവർ നെഞ്ചുരോഗം കൊണ്ടുവലയുന്ന ഈ പ്രദേശങ്ങളിൽ നെഞ്ചുരോഗ വിദഗ്ദ്ധരായ ഡോക്ടറില്ല. അവിടെ പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരെയും സ്റ്റാഫുകളേയും നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly